**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **06-07-2022 - ൽ മറുപടിയ്ക്ക്**

**കോവളം-ഹോസ്ദുർഗ്ഗ് ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവളം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഇനി എത്ര കിലോമീറ്റർ പൂർത്തീകരിക്കാനുണ്ടെന്നും ഈ പാതയിൽ എത്ര കിലോമീറ്റർ കൃത്രിമ കനാലുകൾ ആവശ്യമുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത ജലപാത എന്ന് തുറന്നുകൊടുക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ 520 കിലോമീറ്റർ ഭാഗം നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാണ്. എന്നിരുന്നാലും പല ഭാഗങ്ങളിലും തടസ്സങ്ങളായിട്ടുള്ള (വെർട്ടിക്കൽ ക്ലിയറൻസ് കുറഞ്ഞ) പാലങ്ങൾ, മറ്റ് ക്രോസ്സ് സ്ട്രക്ചറുകൾ എന്നിവ പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുത്ത് കനാൽ ദേശീയ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. ബാക്കിയുള്ള 96 കി.മീ. ഭാഗത്ത് (വിവിധ ഭാഗങ്ങളിലായി) ഭൂമി ഏറ്റെടുത്ത് കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് (KWIL) ഉം ഉൾനാടൻ ജലഗതാഗത വകുപ്പും സംയുക്തമായി നടത്തി വരുന്നുണ്ട്.<br><br>മാഹി - വളപട്ടണം റീച്ചിൽ 26 കി.മീ., നീലേശ്വരം - ബേക്കൽ ഭാഗത്ത് 6.5 കി.മീ. എന്നിങ്ങനെയാണ് കൃത്രിമ കനാലുകൾ നിർമ്മിക്കേണ്ടതുള്ളത്. 2025 അവസാനത്തോടു കൂടി വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണ തോതിൽ ഗതാഗതത്തിന് തുറന്നുകൊടുക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ